LIBRARY ARCHIVES Kerala Legislative Assembly

ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെയും ഇതര ജീവനക്കാരുടെയും ഒഴിവുകൾ നികത്തുന്നതിനു നടപടി

161. [930] ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടേയും ഇതര ജീവനക്കാരുടേയും നിലവിലുള്ള എണ്ണം, ഇപ്പോൾ ഓരോ തസ്തികയിലുള്ള ഒഴിവ് തരം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെയും ഇതര ജീവനക്കാരുടെയും ഒഴിവുകൾ നികത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെയും ഇതര ജീവനക്കാരുടെയും നിലവിലുള്ള എണ്ണം, ഇപ്പോൾ ഓരോ തസ്തികയിലുള്ള ഒഴിവ് എന്നിവ തരം തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. †

(ബി, സി) ഉണ്ട്. ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലുള്ള സിവിൽ സർജന്റെ ഒരു ഒഴിവിലേക്ക്- സെലക്ട് ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ നിയമനം നടത്തുവാൻ സാധിച്ചിട്ടില്ല. അസിസ്റ്റന്റ് സർജന്റെ രണ്ട് ഒഴിവുകൾ നികത്തുന്നതിലേക്കായി 2-7-2005-ൽ രണ്ട് ഡോക്ടർമാരെ പി. എസ്. സി. മുഖാന്തിരം നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതര ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് വാങ്ങി നിയമിക്കുവാനുള്ള നടപടി എടുത്തുവരുന്നു.

ബാലുശ്ശേരി ഹെൽത്ത് സെന്ററിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കാൻ നടപടി

162. [931] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവർ എന്ന് ചാർജ് എടുത്തുവെന്ന് വെളിപ്പെടുത്താമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.